**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 205** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് താലൂക്ക് ആശുപത്രിക്കു പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് താലൂക്ക് ആശുപത്രിക്കായി നിർമ്മിച്ച പുതിയ കെട്ടിടം എപ്പോൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാനാകുമെന്ന് വിശദമാക്കുമോ; | (എ) | കുത്തുപറമ്പ് താലൂക്ക് ആശുപത്രിയ്ക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ മെഡിക്കൽ ഗ്യാസ് ലൈൻ സിസ്റ്റത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയർ നൽകിയത് സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. സാങ്കേതിക അനുമതി ലഭിച്ചുകഴിഞ്ഞാൽ 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഗ്യാപ് അനാലിസിസ് നടത്തി ആർദ്രം മാനദണ്ഡ പ്രകാരം കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. NHM ന്റെ 2023 -24 വാർഷിക പദ്ധതിയിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 57.21 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം നടന്നു വരുന്നു. |
| (സി) | ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ? | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ